**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം: 1759 | 16.03.2015 ലെ<br>മറുപടിയ്ക്ക് |

**ന്യൂനപക്ഷക്ഷേമ വകുപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, സി.പി.മുഹമ്മദ്<br>,, ഹൈബി ഈഡൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ;പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് അവരുടെ ഉന്നമനത്തിനായി പദ്ധതികൾ / പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം ഉറപ്പു വരുത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം. |
| (ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കാമോ; | (ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാന തലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു എൽ.ഡി.ക്ലാർക്ക് മാത്രം ഉൾപ്പെട്ട ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. കൂടാതെ ഇപ്പോൾ പല വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഈ വകുപ്പിന് കീഴിലാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |
| (സി) വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചു വരുന്നു. ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ഡി) | |

സെക്ഷൻ ഓഫീസർ